നദികളിലെ ജലം ശുദ്ധീകരിക്കുന്നതിനു പദ്ധതി

*15 [517] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പ്രധാന നദികളിലേയും ജലം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതുഘട്ടം വരെയായി എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി—ഡി) സംസ്ഥാനത്തെ പ്രധാന നദികളിലെ ജലം ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ തയ്യാറാക്കിയ ഒരു പ്രധാന പദ്ധതിയാണ് 'പമ്പാ കർമ്മ പദ്ധതി' പമ്പാ നദിയിലെ മാലിന്യ നിർമ്മാർജ്ജനമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളാ വാട്ടർ അതോറിട്ടിയാണ് ഈ പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി. ഈ പദ്ധതിക്ക് 319.70 കോടി രൂപയുടെ ഒരു സാങ്കേതിക റിപ്പോർട്ടാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നത്. 2-5-2003-ൽ കേന്ദ്ര ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യഘട്ടത്തിന് 195.65 കോടി രൂപയും രണ്ടാം ഘട്ടത്തിന് 73.31 കോടി രൂപയും മൂന്നാം ഘട്ടത്തിന് 49.92 കോടി രൂപയും ചെലവു വരുന്ന പണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിനായി 18.45 കോടി രൂപ ചെലവുവരുന്ന പണികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 12.92 കോടി രൂപ കേന്ദ്ര വിഹിതവും 5.53 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെയും ദേവസ്വം ബോർഡിന്റെയും കൂടിയുള്ള വിഹിതവുമാണ്. പമ്പാ നദിയിലെ മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആദ്യഘട്ട പണികൾ 2006-2007-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ കേരളത്തിലെ മറ്റ് ഒൻപത് പ്രധാന നദികൾ കൂടി (കരമനയാറ്, കല്ലടയാറ്, അച്ചൻകോവിലാറ്, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം) മാലിന്യ വിമുക്തമാക്കാനുള്ള ആക്ഷൻ പ്ലാനുകൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly